**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം സംരംഭകത്വ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതൊക്കെ ജില്ലകളിലാണ് പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (എ) | ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നു വരുന്നുണ്ട് . കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമായി വിവിധ തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംസ്ഥാനത്ത് നടന്നു വരുന്നുണ്ട് . സംസ്ഥാനത്തുടനീളം 26000 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ കീഴിലുണ്ട് . സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്താവുന്ന ഏതു സംരംഭങ്ങളും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ